**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 993** **14-10-2026-ൽ മറുപടിയ്ക്ക്**

**ഉണ്ണ്യാൽ സ്റ്റേഡിയം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** താനൂർ നിയോജകമണ്ഡലത്തിലെ ഉണ്ണ്യാൽ സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; സ്റ്റേഡിയം നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മുറികൾ വാടകക്ക് നൽകുന്നതിൽ തടസ്സമെന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മലപ്പുറം ജില്ലയിലെ നിറമരുതൂർ ഉള്ള ഉണ്ണ്യാൽ സ്റ്റേഡിയം കം സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിന്റെയും കടമുറികളുടെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും നടത്തിപ്പ് സ്പോർട്സ് കൗൺസിലിന് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കൗൺസിലിന് കൈമാറുന്നതിന് വേണ്ടി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം, ജില്ല സ്പോർട്സ് കൗൺസിൽ എന്നിവർ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. കരാർ അംഗീകരിക്കുന്നതോടെ കോംപ്ലെക്സിലെ കടമുറികൾ വാടകയ്ക്ക് നൽകാനാവും.

**(ബി)** പ്രസ്തുത സ്റ്റേഡിയവും ഹോസ്റ്റലും പ്രയോജനപ്രദമാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** നിലവിൽ ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**(സി)** സ്റ്റേഡിയം പരിപാലനത്തിനും മേൽനോട്ടത്തിനുമായി ഏതെങ്കിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; സ്റ്റേഡിയം പൊതുജനങ്ങൾക്കും മറ്റുമായി വിട്ടു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

**മറുപടി:** സ്റ്റേഡിയം പരിപാലനത്തിന് ജീവനക്കാരെ നിയമിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അവരുടെ കായിക മികവ് വർധിപ്പിക്കുന്ന തരത്തിൽ സ്റ്റേഡിയം ഉപയോഗപ്രദമാക്കുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല സ്പോർട്സ് കൗൺസിൽ എന്നിവർ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**